### ഭിന്നശേഷിക്കാരുടെ ശാക്തീകരണം സുശക്തി സ്വയം സഹായ സംഘങ്ങളിലൂടെ

# സുശക്തി

## ഭിന്നശേഷിക്കാരുടെയും അവരുടെ കുടുംബങ്ങളുടെയും സമഗ്ര പുനരധിവാസം ലക്ഷ്യമിടുന്ന ചരിത്രമായി മാറാൻ പോകുന്ന കുടുംബശ്രീ മാതൃകയിലുള്ള സുശക്തി സ്വയം സഹായ സംഘങ്ങൾ

## ചെറു കുറിപ്പ്

### പശ്ചാത്തലം

സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേനയാണ് ഭിന്നശേഷിക്കാരുടെ സമഗ്ര ശാക്തീകരണത്തിനായി കേരള സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് (2025 ലെ 14) പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത്തിന് നിശ്ചയിച്ചിട്ടുള്ളത്.

സുശക്തി സ്വയം സഹായ സംഘങ്ങളുടെ സംസ്ഥാന തല സംഘടന സംവിധാനമാണ് സുശക്തി സംസ്ഥാന മിഷൻ.

1. **സൊസൈറ്റിയുടെ പേര്:** കേരള സംസ്ഥാന ഭിന്നശേഷി ശാക്തീകരണ മിഷൻ - സുശക്തി മിഷൻ
2. **രജിസ്റ്റേഡ് ഓഫീസ്:** കേരള സംസ്ഥാന ഭിന്നശേഷി ശാക്തീകരണ മിഷൻ സുശക്തി മിഷൻ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ആസ്ഥാനമന്ദിരം, പൂജപ്പുര. തിരുവനന്തപുരം-12
3. **പ്രവർത്തന പരിധി:** കേരള സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

4. **മിഷൻ പ്രസ്ഥാവന** (Mission Statement)

കേരള സംസ്ഥാനത്തെ ശാരീരിക, മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്ര ഉന്നമനത്തിനും അതിലൂടെ അവരുടെ സാമൂഹികവും സാമ്പത്തികവും മാനസികവും കലാ- കായികവും സാംസ്കാരികവുമായ അഭിവൃദ്ധിയ്ക്കും സ്വയംപര്യാപ്തതയ്ക്കും സർവ്വോപരി സമഗ്ര വികസനത്തിനും വേണ്ടി പ്രവർത്തിക്കുക.

### ഉദ്ദേശ ലക്ഷ്യങ്ങൾ

ഉദ്ദേശ ലക്ഷ്യങ്ങൾ പ്രതിപാദിക്കുന്ന

a) മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ

b) ചട്ടങ്ങളും റെഗുലേഷനുകളും

ഫെബ്രുവരി 28ന് ചേർന്ന് മന്ത്രിസഭായോഗം അംഗീകരിക്കുകയും അതിനെ തുടർന്ന്സർക്കാർ ഉത്തരവ് (കൈ)നമ്പർ 9/2026/SJD തിയ്യതി 4/3/2026 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

## മിഷൻറെ പ്രാഥമിക അംഗങ്ങൾ

സാമൂഹ്യ നീതി വകുപ്പ് മന്ത്രി, സെക്രട്ടറി,ഡയറക്ടർ,ഭിന്നശേഷി കോർപ്പറേഷൻ ചെയർപേഴ്സൺ,മാനേജിംഗ് ഡയറക്ടർ,സെക്രട്ടറി ധനകാര്യ വകുപ്പ്,സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്,സെക്രട്ടറി ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,സെക്രട്ടറി വനിതാ ശിശു വികസന വകുപ്പ് എന്നിവർ മിഷന്റെ പ്രാഥമിക അംഗംങ്ങളായി ഉണ്ടായിരിക്കുന്നതാണ്.

ഇതിലേക്കായി 20-02-2026-ലെ സ. ഉ. (സാധാ) നമ്പർ 58/2026/എസ്. ജെ. ഡി (സംഘങ്ങളുടെ പ്രാഥമിക അംഗങ്ങൾ സംബന്ധിച്ച്) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
പ്രാഥമിക അംഗങ്ങളുടെ യോഗം Feb 23 ന് ചേർന്ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നു.

## സംസ്ഥാന തല ഭരണസംവിധാനം

ഗവണിംഗ് ബോഡി
പരമാവധി 35 അംഗങ്ങൾ ഉൾപ്പെടുന്നു.

- സാമൂഹ്യനീതി വകുപ്പ് മന്ത്രി - ചെയർപേഴ്സൺ
- വൈസ് ചെയർപേഴ്സൺ (ഭിന്നശേഷി മേഖലയിൽ പരിചയമുള്ള വ്യക്തി)
- വിവിധ വകുപ്പ് സെക്രട്ടറിമാർ
- ഡയറക്ടർമാർ
- ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ & എം.ഡി
- ജില്ലാ മിഷൻ പ്രതിനിധികൾ(ജില്ലാ പ്രവർത്തനമാരംഭിച്ചതിനുശേഷം നോമിനേറ്റ് ചെയ്യപ്പെടേണ്ടവർ)
- സുശക്തി മിഷൻ ഡയറക്ടർ
- സുശക്തി മിഷൻ കോഡിനേറ്റർ

## മിഷൻറെ സംഘടനാ ഘടന (Three-Tier Structure)

### 1. സുശക്തി യൂണിറ്റ് (Self Help Group)

ഒരു പ്രദേശത്തെ സുശക്തി മിഷൻറെ ഏറ്റവും സൂഷ്മതല ജനാധിപത്യ സംഘനയാണിത്.

- 10 മുതൽ 20 വരെ അംഗങ്ങൾ
- ശാരീരിക, മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ, അവരുടെ രക്ഷിതാക്കളുടെ
- പ്രസിഡന്റ്, സെക്രട്ടറി, 3 വോളണ്ടിയർമാർ അടങ്ങിയ 5 അംഗ ഭരണസമിതിയുംഭരണസമിതിയും മുഴുവൻ അംഗങ്ങളും ഉൾപ്പെടുന്ന പൊതുസഭയും ഉണ്ടായിരിക്കും
- സുശക്തി യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കായി 5000 രൂപ വീതം റിവോൾവിങ് ഫണ്ടായി സർക്കാറിന് സുശക്തി മിഷൻ മുഖേന അനുവദിക്കാ വുന്നതാണ്

### 2.സുശക്തി ലോക്കൽ ഡെവലപ്മെന്റ് സൊസൈറ്റി (LDS)

സുശക്തി മിഷന്റെ ജനാധിപത്യ സംഘടന സംവിധാനം

- ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ അപ്പക്സ് ബോഡി.
- കേരള സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് (2025 ലെ 14) പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കും. ഇതിലേക്കായി മാതൃക ബൈലോ സർക്കാർ അംഗീകാരത്തോടെ ഉടൻ പ്രസിദ്ധികരിക്കും..
- പ്രസിഡന്റ്, വൈസ് പ്രസിഡൻ്റ്, സെക്രട്ടറി,ജോയിൻറ് സെക്രട്ടറി ഒരു ആരോഗ്യ അടിസ്ഥാന സൗകര്യ വികസന വളണ്ടിയർ,ഒരു വിദ്യാഭ്യാസ തൊഴിൽ പുനരധിവാസ ക്ഷേമകാര്യ വളണ്ടിയർ,ഒരു സാമ്പത്തിക കാര്യ വളണ്ടിയർ ഉൾപ്പെടെ അടങ്ങിയതായിരിക്കും LDS ഭരണസമിതി.
- സുശക്തി ലോക്കൽ ഡെവലപ്മെൻറ് സൊസൈറ്റികളുടെ മാതൃക ബൈലോ ലഭ്യമായാൽ ഉടൻ പഞ്ചായത്ത് / നഗരസഭ / മുനിസിപ്പാലിറ്റി തലത്തിൽ സംഘങ്ങൾ നിയമാനുസൃതം രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

3. **സുശക്തി ജില്ലാ മിഷൻ**

- ഓരോ ജില്ലയിലും ചെയർപേഴ്സൺ ഉൾപ്പടെ പരമാവധി 15 അംഗങ്ങൾ.
- ജില്ലാ കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്റർ എന്നിവർ അടങ്ങിയ ഉദ്യോഗസ്ഥ സംവിധാനം ജില്ലാ മിഷന്റെ പ്രവർത്തങ്ങൾ കോർഡിനേറ്റ് ചെയ്യും.
- ജില്ലയിലെ ലോക്കൽ ഡെവലപ്മെന്റ് സൊസൈറ്റി (LDS) സെക്രട്ടറി, പ്രെസിഡന്റ്മാരിൽ നിന്നും സംസ്ഥാന ഗവേർണിംഗ് ബോഡി നോമിനേറ്റ് ചെയ്യുന്നവർ ആവും ജില്ലാ മിഷൻ അംഗങ്ങൾ.
- സുശക്തി അംഗത്വം:- 40 ശതമാനമോ അതിൽ കൂടുതലോ ശാരീരികമോ മാനസികമോ ബൗദ്ധികമോ ആയ വെല്ലുവിളികൾ നേരിടുന്ന ഒരു വ്യക്തിയോ അല്ലെങ്കിൽ ശാരീരികമോ മാനസികമോ ബൗദ്ധികമോ ആയ വെല്ലുവിളികൾ നേരിടുന്ന വ്യക്തിക്ക് തന്റെ പ്രസ്തുത വെല്ലുവിളി കാരണം സ്വമേധയാ യാതൊന്നും ചെയ്യുന്നതിനും തീരുമാനമെടുക്കുന്നതിനും സാധിക്കാത്ത പക്ഷം അങ്ങനെയുള്ള വ്യക്തിക്ക് വേണ്ടി അയാളുടെ നിയമാനുസൃത രക്ഷകർത്താവോ മിഷൻ സമയാ സമയങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് ഒടുക്കി സുശക്തിയിൽ നേടുന്ന അംഗത്വം.
- അഫിലിയേഷൻ:- ഒരു സുശക്തി യൂണിറ്റ് അത് ഉൾക്കൊള്ളുന്ന ഭൂപ്രദേശത്ത് പ്രവർത്തന പരിധിയുള്ള സുശക്തി ലോക്കൽ ഡെവലപ്മെൻറ് സൊസൈറ്റിയിൽ മിഷൻ നിശ്ചയിക്കുന്ന ഫീസ് ഒടുക്കി നേടുന്ന അംഗത്വമാണ് അഫലിയേഷൻ.

**സുശക്തി മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ**

- കേരള സംസ്ഥാനത്തിലെ ഭിന്നശേഷിക്കാരുടെ ശാരീരിക മാനസിക ഭൗതിക വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്ര ഉന്നമനത്തിനും അതിലൂടെ അവരുടെ സാമൂഹികവും സാമ്പത്തികവും മാനസികവും കലാകായികവും സാംസ്കാരികവുമായ അഭിവൃദ്ധിക്കും സ്വയം പര്യാപ്തതക്കും സർവോപരി സമഗ്ര വികസനത്തിനു വേണ്ടി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുക.
- ഭിന്നശേഷിക്കാരുടെ കലാകായിക മാനസിക സാമ്പത്തിക സാമൂഹിക വികസനത്തിനായി പ്രവർത്തിക്കുക.
- സുശക്തി സ്വയം സഹായ സംഘങ്ങളിലൂടെ അംഗങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രോത്സാഹനവും പിന്തുണയും നൽകുക.
- കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യം വെച്ചുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

- വിവിധ മേഖലകളിലെ വികസന പദ്ധതികളുടെ ആസൂത്രണം നിർവഹണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.
- കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ദാരിദ്ര ലഘൂകരണ പ്രവർത്തനങ്ങൾ പങ്കാളികളായി നിർവഹണ ഏജൻസി ആയി ഉപജീവന സൗകര്യം വർദ്ധിപ്പിക്കുക.
- ഭിന്നശേഷി സ്വയം സഹായ സംഘങ്ങളും വ്യക്തികളും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ബ്രാൻഡ് ചെയ്ത് അവയുടെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തുക.
- സ്വാശ്രയത്വം കൈവരിക്കുന്ന അതോടൊപ്പം സേവനതത്പരതയും ഭിന്നശേഷി വിഭാഗങ്ങളുടെ ഇടയിൽ വളർത്തിയെടുക്കുക.
- ഭിന്നശേഷി വിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിന് ആവശ്യമായ ഇടപെടലുകൾ നടത്തുക ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- ഭിന്നശേഷിക്കാർ പൊതു സമൂഹത്തിൻറെ അഭേദ്യ ഭാഗമാണെന്ന് ബോധം പ്രസ്തുത വിഭാഗത്തിനിടയിലും പൊതുസമൂഹത്തിലും സൃഷ്ടിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക.
- സുശക്തി അംഗങ്ങളുടെ ഇടയിൽ നിക്ഷേപം സമ്പാദ്യം വിധവയായ വായ്പ തുടങ്ങിയ എല്ലാവിധ ധനവിനിയോഗ പരിപാടികളും കാര്യക്ഷമമായി നടപ്പിലാക്കുക.

**ധനകാര്യ വ്യവസ്ഥകൾ**

| ഫണ്ടുകളുടെ ഉറവിടങ്ങൾ | ധനകാര്യ നിയന്ത്രണം |
|---|---|
| • കേന്ദ്ര/സംസ്ഥാന സർക്കാർ ഗ്രാന്റുകൾ<br>• വായ്പകൾ<br>• ധനകാര്യ സ്ഥാപനങ്ങൾ<br>• സംഭാവനകൾ<br>• എൻജിഒ സഹകരണം | • ഫണ്ടുകൾ ലക്ഷ്യാനുസൃതമായി മാത്രം വിനിയോഗിക്കണം<br>• ലാഭവിഹിതം അംഗങ്ങൾക്ക് വിതരണം ചെയ്യാൻ പാടില്ല<br>• പിരിച്ചുവിടൽ സംഭവിച്ചാൽ ശേഷിക്കുന്ന സ്വത്ത് സർക്കാർ നിർദ്ദേശപ്രകാരം കൈകാര്യം ചെയ്യണം |

1. അംഗത്വ വ്യവസ്ഥ

- 40% അല്ലെങ്കിൽ അതിലധികം ഭിന്നശേഷിയുള്ള വ്യക്തി
- അല്ലെങ്കിൽ നിയമപരമായ രക്ഷിതാവ്
- അംഗത്വ ഫീസ് നിർദ്ദേശപ്രകാരം

**ഉത്തരവുകൾ**

1. 21-02-2026- നമ്പർ. എ.3/14/2026 എസ്. ജെ ഡി സർക്കാർ ഉത്തരവ് (സംഘങ്ങളുടെ രൂപീകരണം സംബന്ധിച്ച്)
2. 20-02-2026-ലെ സ. ഉ. (സാധാ) നമ്പർ 58/2026/എസ്. ജെ ഡി സർക്കാർ ഉത്തരവ് (സംഘങ്ങളുടെ പ്രാഥമിക അംഗങ്ങൾ സംബന്ധിച്ച്)
3. 04-03-2026 ലെ സഉ(കൈ)നം.9/2026/SJD സംഘടനാ പ്രമാണവും നിയമാവലിയും അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ്